**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1581 18.06.2012 ൽ മറുപടിയ്ക്ക്

**പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്<br>ഡോ.എൻ.ജയരാജ് | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

(എ) പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണത്തെ കുറിച്ച് പഠിച്ച പ്രൊഫ. മാധവ് ഗാഡ്ഗിൽ സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(എ) ഉണ്ട്. പശ്ചിമഘട്ട പരിസ്ഥിതി സംബന്ധിച്ച പൊതുവായ പഠനമാണ് പ്രൊഫ.മാധവ്ഗാഡ്ഗിലിന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി നടത്തിയത്.

പാരിസ്ഥിതികവും, ശാസ്ത്രീയവുമായ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ പശ്ചിമഘട്ട മേഖലകളെ, പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് മൂന്ന് സോണുകളായി തരംതിരിച്ച് ഓരോ സോണിലും, അവയുടെ പ്രാധാന്യം മുൻനിർത്തി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണമെന്നും, പരിസ്ഥിതിക്കനുകൂലമല്ലാത്ത ഇടപെടലുകൾ നിയന്ത്രിക്കണെമെന്നുമാണ് റിപ്പോർട്ടിലെ മുഖ്യ ശുപാർശ.

നിർദ്ദിഷ്ഠ നിയന്ത്രണങ്ങൾ നടപ്പാക്കാനായി കേന്ദ്രതലത്തിൽ പശ്ചിമഘട്ട ആവാസവ്യവസ്ഥാ അതോറിറ്റിയും **(WGEA)** സംസ്ഥാനതലങ്ങളിൽ സംസ്ഥാന പശ്ചിമഘട്ട ആവാസവ്യവസ്ഥാ അതോറിറ്റിയും സ്ഥാപിക്കണെമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

ഭൂവിനിയോഗം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്ക്കരണം, ജലം, കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനവല്ക്കരണം, ജൈവവൈവിധ്യം, ഖനനം, മണൽഖനനം, മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങൾ, അല്ലാത്തവ, ഊർജ്ജം, ഗതാഗതം, ടൂറിസം, വിദ്യാഭ്യാസം, ശാസ്ത്ര സാങ്കേതികം, എന്നീ വിഷയങ്ങളിൽ ഓരോ നിർദ്ദിഷ്ഠ സോണിലും നടപ്പാക്കേണ്ട നിയന്ത്രണങ്ങൾ സംബ

ന്ധിക്കുന്ന മാർഗ്ഗരേഖകൾ നിർദ്ദേശിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പശ്ചിമഘട്ട പരിസ്ഥിതിയുടെ പുനരുജ്ജീവനം, സംസ്ഥാനത്തിന്റെ വികസനലക്ഷ്യങ്ങൾ ജനക്ഷേമപ്രവർത്തനങ്ങൾ എന്നിവ സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പശ്ചിമഘട്ട പരിസ്ഥിതി പൂർണ്ണമായി സംരക്ഷിക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്നാൽ പശ്ചിമഘട്ട എക്കോളജി എക്സ്പേർട്ട്സ് പാനലിന്റെ (WGEEP) ശുപാർശകളിൽ സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങളെയും, പരിമിതമായ ഭൂമിയുടെ പ്രയോജനകരമായ ഉപഭോഗത്തെയും ഗുരുതരമായി ബാധിക്കുന്ന ശുപാർശകൾ ഉള്ളവ സർക്കാരിന് സ്വീകാര്യമല്ല എന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചു കഴിഞ്ഞു. ഈ റിപ്പോർട്ടിലെ ശുപാർശകൾ കൂടുതൽ പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ